ഉത്തരം

(എ) 1910-ലെ ഇലക്ട്രിസിറ്റി ആക്ട്. 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട്. 1885-ലെ ഇൻഡ്യൻ ടെലഗ്രാഫ് ആക്ട് എന്നിവ പ്രകാരം സ്വകാര്യവ്യക്തികളുടെ വസ്തുവിൽ കൂടി ലൈൻ നിർമ്മിക്കാനുള്ള അധികാരം ഇലക്ട്രിസിറ്റി ബോർഡിനുണ്ട്. ഏതെങ്കിലും ഉപഭോക്താവിന് കണക്ഷൻ കൊടുക്കുവാൻ സ്വകാര്യ വസ്തുവിൽകൂടി ലൈൻ വലിക്കേണ്ടതുണ്ടെങ്കിൽ, വസ്തു ഉടമസ്ഥന് നോട്ടീസ് നൽകുകയും അദ്ദേഹം തടസ്സം രേഖപ്പെടുത്തുക ആണെങ്കിൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും, ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈൻ വലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) സാങ്കേതികമായി പ്രായോഗികമായതും ലൈൻ മാറ്റി സ്ഥാപിക്കുന്നതുമൂലം മറ്റൊരു വ്യക്തിക്കോ, ഉപഭോക്താവിനോ, ഭൂവുടമക്കോ യാതൊരുവിധ ബുദ്ധിമുട്ടും കഷ്ടനഷ്ടങ്ങളും ജനിപ്പിക്കാത്തതുമായ സാഹചര്യത്തിൽ ഉപഭോക്താവിന്റെയോ ഭൂ ഉടമയുടെയോ ആവശ്യപ്രകാരം ആ വ്യക്തിയുടെ പൂർണ്ണമായ ചെലവിൽ പ്രസ്തുത ലൈൻ മാറ്റി സ്ഥാപിക്കാൻ വ്യവസ്ഥയുണ്ട്.

(സി) ഉണ്ട്.

(ഡി) ഒരു സിംഗിൾ ഫേസ് ലൈൻ.

(ഇ) പൊതു ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകളും കഷ്ടനഷ്ടങ്ങളും കഴിയുന്നതും കുറച്ചാണ് ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുത ലൈൻ നിർമ്മിക്കുന്നത്.

ഇ.എം.എസ്. പ്രതിമയ്ക്കുള്ള വൈദ്യുതി ബോർഡ് സഹായം

79 (1231) ശ്രീ. കെ. സുധാകരൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഇ.എം.എസ്. പ്രതിമ നിർമ്മിക്കുന്നതിനായി എത്ര കിലോ ചെമ്പ് സംസ്ഥാനവൈദ്യുതി ബോർഡിൽ നിന്നും നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര കിലോ വിലയ്ക്കു നൽകി ; അതിന്റെ വില എത്രയായിരുന്നു ;

(സി) എത്ര കിലോ ചെമ്പ് സൗജന്യമായി നൽകി ;

(ഡി) ഈ ചെമ്പ് നൽകുമ്പോൾ അതിന്റെ മാർക്കറ്റ് വില എത്രയായിരുന്നു ;

(ഇ) ആരുടെ അപേക്ഷപ്രകാരമാണ് ഈ ചെമ്പ് നൽകിയതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3000 കിലോ സ്ക്രാപ്പ്.

(ബി&സി) മുഴുവനും സൗജന്യമായാണ് നൽകിയത്.

(ഡി) ഇതിന്റെ മാർക്കറ്റ് വില ഏകദേശം 2.8 ലക്ഷം രൂപയായിരുന്നു.

(ഇ) പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ അപേക്ഷ പ്രകാരമാണ് നൽകിയത്.

കെ.എസ്.ഇ.ബി.യിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർ

80 (1232) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എത്രപേർ ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിൽ ജോലിയിലുണ്ട് ;

(ബി) ഇവർ എന്നു മുതൽ നിയമിക്കപ്പെട്ടവരാണ് ; ഇവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ നിയമിച്ചത് ;

(സി) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതും ഇപ്പോൾ തുടർന്ന് വരുന്നവരുമായ ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ഇപ്പോൾ വൈദ്യുതി ബോർഡ് സർവ്വീസിൽ തുടരുന്ന കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ ഏതെല്ലാം പോസ്റ്റുകളിലാണ് നിയമിക്കപ്പെട്ടതെന്നും അവരുടെ ശമ്പള സ്കെയിൽ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

ബ്രഹ്മപുരം, കോഴിക്കോട് താപവൈദ്യുതി നിലയങ്ങളുടെ പ്രവർത്തനം

81 (1233) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം കോഴിക്കോട് താപവൈദ്യുതി നിലയങ്ങളുടെ പ്രതിദിന സ്ഥാപിതശേഷി എത്ര വീതമാണ് ;

(ബി) ഈ നിലയങ്ങൾ ഓരോന്നും കമ്മീഷൻ ചെയ്തശേഷം ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി വീതം ഉല്പാദിപ്പിച്ചിട്ടുണ്ടെന്നും ആയത് അവയുടെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly